## പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.627 24.01.2018-ലെ മറുപടിയ്ക്ക്

### <u>സ്പോർട്സ് ക്വാട്ട നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായ-വാണിജ്യ-കായിക യുവജനകാര്യ വകുപ്പ് മന്ത്രി | |
| (എ) | 2010-2014 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമന നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | (എ)<br>&<br>(ബി) | 2010-14 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമന നടപടികൾ പൂർത്തിയായിട്ടില്ല. 2010-14 കലണ്ടർ വർഷങ്ങളിലെ 249 ഒഴിവുകളിലേക്ക് സ്പോർട്സ് ക്വാട്ട നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ച് കരട് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പൊതുഭരണ വകുപ്പിനു കീഴിൽ സ്പെഷ്യൽ സെൽ രൂപീകരിച്ച് നിയമന നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ എത്ര സ്പോർട്സ് താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;കായിക താരങ്ങൾക്ക് നിയമനം നൽകുന്നത് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**